# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 840 29.09.2016- ൽ മറുപടിക്ക്

## ഹയർസെക്കണ്ടറി ഡയറക്ടറുടെ ഓഫീസിൽ സന്ദർശകരുടെ നിയന്ത്രണം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എം. ഉമ്മർ | | പ്രൊഫ. സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) ഹയർസെക്കണ്ടറി ഡയറക്ടറുടെ ഓഫീസിൽ പ്രവൃത്തി ദിവസങ്ങളിൽ 3 മണി വരെ സന്ദർശകരെ നിയന്ത്രിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കാമോ ; | (എ) | ഉണ്ട് , ഇതോടോപ്പം ഉള്ളടക്കം ചെയ്യുന്നു |
| (ബി) ഇത്തരത്തിൽ ഒരു ഉത്തരവ്പുറപ്പെടുവിച്ചതിന്റെ ഉദ്ദേശ്യലക്ഷ്യം വിശദമാക്കാമോ; | (ബി ) | അടിയന്തിര പ്രാധാന്യമുള്ള കോടതി കേസുകളും, സമയബന്ധിതമായി തീർക്കേണ്ട നിരവധി തപാലുകളും കൈകാര്യം ചെയ്യേണ്ടതിനാൽ സെക്ഷനുകളിൽ സന്ദർശകരുടെ ബാഹുല്യം തടസ്സമായി തീർന്ന സന്ദർഭങ്ങൾ ഉണ്ടായിട്ടുണ്ട്. ആയതിനാൽ, ഓഫീസ് പ്രവർത്തനം സുഗമമായി നടക്കുന്നതിനാണ് സന്ദർശക സമയം നിയന്ത്രിച്ചുകൊണ്ട് ഉത്തരവിറക്കിയത്. |
| (സി) ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ ഇത്തരം നടപടി സഹായിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 31-8-2016 വരെയുള്ള എത്ര ഫയലുകൾ തീർപ്പാക്കാനുണ്ടെന്ന് വിശദമാക്കാമോ ? | (സി ) | പ്രസ്തുത ഉത്തരവ് പ്രാബല്യത്തിൽ വന്നത് 08.08.2016-ൽ മാത്രമാണ് . പുരോഗതി പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ

- 7 -

<u>ഭരണഭാഷ മാതൃഭാഷ</u>

ഹയർസെക്കന്ററി വിദ്യാഭ്യാസ
ഡയറക്ടറുടെ കാര്യാലയം,
ഹൗസിംഗ്ബോർഡ് ബിൽഡിംഗ്സ്,
ശാന്തി നഗർ,
തിരുവനന്തപുരം

എഡി..എ1/35579/എച്ച്.എസ്.ഇ/16 തീയതി : 08/08/2016

## ഓഫീസ് ഉത്തരവ്

വിഷയം : ഹയർസെക്കന്ററി വിദ്യാഭ്യാസ വകുപ്പ് – ജീവനക്കാര്യം – ജീവനക്കാരെ നിയോഗിച്ച് സന്ദർശക സഹായകേന്ദ്രം രൂപീകരിക്കുന്നത് – സംബന്ധിച്ച്.

05/08/2016 ലെ ഡയറക്ടറുടെയും ബ്രാഞ്ച് മേധാവികളുടെയും മീറ്റിംഗിൽ ഹയർസെക്കന്ററി ഡയറക്ടറേറ്റിലെ സന്ദർശന സമയം 3 Pm – 5 PM ആയി ക്രമീകരിച്ചുകൊണ്ട് അഡ്മിനിസ്ട്രേഷൻ, അക്കാഡമിക്, പരീക്ഷാ വിഭാഗങ്ങളിൽ സന്ദർശക സഹായകേന്ദ്രങ്ങൾ രൂപീകരിക്കാൻ തീരുമാനിച്ചിരിക്കുന്നു.

ഓഫീസിന്റെ സുഗമമായ പ്രവർത്തനം ഉറപ്പുവരുത്തുന്നതിനായി അഡ്മിനിസ്ട്രേഷൻ, അക്കാഡമിക്, പരീക്ഷാ വിഭാഗങ്ങളിൽ ഹെൽപ്പ് ഡെസ്ക് രൂപീകരിച്ചുകൊണ്ടും താഴെപ്പറയുന്ന ഓഫീസ് അറ്റൻഡന്റുമാരെ ഹെൽപ്പ് ഡെസ്കിൽ നിയോഗിച്ചുകൊണ്ടും ഉത്തരവാകുന്നു. അഡ്മിനിസ്ട്രേഷൻ വിഭാഗത്തിൽ താഴെപ്പറയുന്ന ഓഫീസ് അറ്റൻഡന്റുമാർ ഇന്നുമുതൽ മാസത്തിൽ ഒരാഴ്ച വീതമുള്ള ഊഴമനുസരിച്ച് ഹെൽപ്പ് ഡെസ്കിൽ ശ്രീമതി സ്മിത.എം.എസിനോടൊപ്പം സേവനമനുഷ്ഠിക്കേണ്ടതാണ്.

1. ശ്രീമതി.ഷീലാകുമാരി.എസ്
2. ശ്രീ.സുരേഷ്കുമാർ.എസ്.
3. ശ്രീ.ബൈജു.ജി.ആർ
4. ശ്രീ.അനിൽചന്ദ്രൻ.സി.വി

അക്കാഡമിക് വിഭാഗത്തിൽ ശ്രീമതി.ബി.ലളിതാംബികയോടൊപ്പം ശ്രീമതി. മനുജാകുമാരി ഹെൽപ്പ് ഡെസ്കിന്റെ അധികചുമതല കൂടി നിർവഹിക്കേണ്ടതാണ്.

പരീക്ഷാവിഭാഗത്തിൽ ശ്രീ.ജയ്കൃഷ്ണൻ.എസിനോടൊപ്പം ശ്രീമതി ലതാ കുമാരി ഹെൽപ്പ് ഡെസ്കിന്റെ അധികചുമതല കൂടി നിർവഹിക്കേണ്ടതാണ്.

മേൽപ്പറഞ്ഞ ജീവനക്കാർ രാവിലെ 09.30 ന് തന്നെ ഹെൽപ്പ് ഡെസ്കിൽ ഹാജരാകേണ്ടതും വൈകിട്ട് 05.15 വരെ ഡ്യൂട്ടിയിൽ തുടരേണ്ടതുമാണ്. ഡ്യൂട്ടിയിൽ പ്രവേശിക്കുന്നതിനുമുമ്പായി സന്ദർശകർ ഓഫീസിനുള്ളിൽ കടന്നിട്ടില്ലെന്ന് ഉറപ്പ് വരുത്തേണ്ടതും മൂന്നുമണിവരെ സന്ദർശകരെ കർശനമായി നിയന്ത്രിക്കേണ്ടതുമാണ്.

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
ഡയറക്ടർക്കുവേണ്ടി

പകർപ്പ്

1. ബന്ധപ്പെട്ട വ്യക്തികൾക്ക്
2. എല്ലാ സൂപ്രണ്ടുമാർക്കും
3. ഡയറക്ടറുടെ പി.എ.
4. സി.എ. (സി.എ.ഒ/സി.എഫ്.ഒ/ജെ.ഡി.)
5. കരുതൽ ഫയൽ

Section Officer

17